**ക്രമപ്രശ്നം**

മി. സ്പീക്കർ: സബ്മിഷനുകൾ എടുക്കുന്നതിനുമുമ്പ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഒരു ക്രമപ്രശ്നത്തിന് നോട്ടീസ് നൽകിയിട്ടുണ്ട്.

ചട്ടവിരുദ്ധമായി സബ്മിഷൻ അനുവദിക്കുന്നത് സംബന്ധിച്ച്

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, സബ്മിഷൻ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട ഒരു ചട്ടം സംബന്ധിച്ച ഗൗരവമായ ഒരു പ്രശ്നത്തിനാണ് നോട്ടീസ് നൽകിയിട്ടുള്ളത്. ഉന്നയിക്കപ്പെടുന്ന ഏത് ചോദ്യത്തിനും പ്രശ്നത്തിനും മറുപടി പറയാൻ മടിയില്ലാത്ത സർക്കാരാണ് ഇപ്പുറത്തിരിക്കുന്നതെങ്കിലും ചട്ടത്തിനുവിരുദ്ധമായ കാര്യങ്ങൾ സഭയിൽ അനുവദിക്കപ്പെട്ടാൽ പിന്നീടത് കീഴ്വഴക്കമായി വ്യാഖ്യാനിക്കപ്പെടും. കീഴ്വഴക്കം അവകാശമാണെന്ന വാദം പിന്നീട് എല്ലാ ഘട്ടത്തിലും ഉയരാനിടയുള്ളതുകൊണ്ടാണ് ഇതുന്നയിക്കുന്നത്. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 304 (2) (1)-ാം ഉപചട്ടം നോട്ടീസിനെ സംബന്ധിച്ചുള്ളതാണ്. അതിൽ പറയുന്നത്,

(i) "കേരള സർക്കാരിന്റെ പ്രാഥമിക പരിഗണനയിൽപ്പെടാത്ത ഒരു

സംഗതിയും ഈ നോട്ടീസിൽ പരാമർശിക്കാൻ പാടില്ല" എന്നുള്ളതാണ്. ഈ നോട്ടീസിൽ ഒരു കേന്ദ്ര വിദേശകാര്യ വകുപ്പുമന്ത്രിയുടെ വെളിപ്പെടുത്തലാണ് പരാമർശിക്കപ്പെട്ടിട്ടുള്ളത്. കോൺസുലേറ്റുമായി ബന്ധപ്പെട്ട കാര്യമാണ് പരാമർശിക്കപ്പെട്ടത്. ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 246-ലെ ഏഴാം ഷെഡ്യൂളിൽ ഒന്നാം ലിസ്റ്റിലെ 10, 11 വിഷയങ്ങളിൽ വളരെ കൃത്യമായി പറയുന്നുണ്ട്. വിദേശകാര്യവുമായി ബന്ധപ്പെട്ട കാര്യങ്ങൾ 10-ലും നയതന്ത്ര, വ്യാപാര ബന്ധങ്ങളെ സംബന്ധിച്ച പ്രവർത്തനങ്ങൾ 11-ലുമാണ് പറയുന്നത്. പൂർണ്ണമായും ഭരണഘടനാപരമായി, കേന്ദ്രവുമായി, ബന്ധപ്പെട്ട കാര്യങ്ങളാണ് ഇതിനകത്ത് പരാമർശിക്കപ്പെട്ടിട്ടുള്ളത്. സംസ്ഥാന സർക്കാരുമായി പ്രാഥമിക പരിഗണനയിൽപ്പെടാത്ത ഒരു കാര്യവും നോട്ടീസിൽ പരാമർശിക്കാൻ പാടില്ലെന്ന ചട്ടം നിലനിൽക്കെ പൂർണ്ണമായും കേന്ദ്രത്തിന്റെ അധികാരത്തിലുള്ളതാണെന്ന് ഭരണഘടന വ്യവസ്ഥ ചെയ്തിട്ടുള്ള ഒരു കാര്യം സബ്മിഷനായി ഉന്നയിക്കാൻ അനുമതി നൽകുകവഴി ചട്ടം ലംഘിക്കപ്പെടാൻ സാധ്യതയുണ്ട്. അത് കീഴ്വഴക്കമായി വ്യാഖ്യാനിക്കപ്പെടുമെന്നുള്ളതുകൊണ്ട് അത് വളരെ ഗൗരവമായ പ്രശ്നമാണ്.

ഏതുകാര്യത്തിനും മറുപടി പറയാൻ മടിയില്ലാത്ത സർക്കാരാണിതെന്ന് ഞാൻ നേരത്തെ സൂചിപ്പിച്ചു. ഇക്കാര്യം വളരെ ഗൗരവമായി ചെയർ പരിശോധിക്കണമെന്നാണ് സൂചിപ്പിക്കാനുള്ളത്.

ശ്രീ. മാത്യു ടി. തോമസ്: സർ, ബഹുമാനപ്പെട്ട മന്ത്രി വായിച്ചതിന്റെ തുടർച്ചയായി ഒരുഭാഗം കൂടിയുണ്ട്. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 304 (2) (i)-ൽ "കേരള സർക്കാരിന്റെ പ്രാഥമിക പരിഗണനയിൽപ്പെടാത്ത ഒരു സംഗതിയെ പരാമർശിക്കാൻ പാടില്ലാത്തതും" എന്നുള്ളത് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചുകഴിഞ്ഞു. അതിന്റെ തുടർച്ചയായി " അതേ സമ്മേളനകാലത്തിൽ ചർച്ച ചെയ്തതോ സമ്മേളന കാലത്ത് ഈ ചട്ടത്തിൻപ്രകാരം ഒരംഗം നേരത്തെ ഉന്നയിച്ച സംഗതിക്ക് സാരവത്തായുള്ളതോ ആയ ഒരു സംഗതിയെ സംബന്ധിച്ചായിരിക്കുവാൻ പാടില്ലാത്തതും" എന്നാണ് പറഞ്ഞിട്ടുള്ളത്. ഇവിടെ അടിയന്തരപ്രമേയ നോട്ടീസ് നൽകി ചർച്ച ചെയ്ത വിഷയമാണിത്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതിനോട് കൂട്ടിച്ചേർക്കുമ്പോൾ ഒരു കാരണവശാലും ഈ സബ്മിഷൻ അനുവദനീയമല്ല.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയും തിരുവല്ല അംഗവും ഇവിടെ ഉന്നയിച്ച രണ്ട് ക്രമപ്രശ്നങ്ങളും നിലനിൽക്കുന്നതല്ല. ബഹുമാനപ്പെട്ട മന്ത്രി ഇവിടെപ്പറഞ്ഞ യൂണിയൻ ലിസ്റ്റിൽപ്പെട്ട ഒരു കാര്യമല്ല ഞാൻ കൊടുത്ത നോട്ടീസിൽ പറഞ്ഞിട്ടുള്ളത്. സംസ്ഥാന ഗവൺമെന്റിന്റെ അധികാരപരിധിയിലുള്ള ഒരു കാര്യമാണ് ഞാൻ സബ്മിഷനിലൂടെ ആവശ്യപ്പെട്ടിരിക്കുന്നത്. അതായത് സി.ബി.ഐ. അന്വേഷണം ആവശ്യപ്പെടണം. ബഹുമാനപ്പെട്ട തിരുവല്ല അംഗം പറഞ്ഞിട്ടുള്ള കാര്യത്തിൽ, ഇത് സമീപകാലത്തുണ്ടായ കാര്യമാണ്. നിയമസഭ ചർച്ച ചെയ്ത വിഷയമല്ല വിദേശകാര്യ വകുപ്പുമന്ത്രിയുടെ വിഷയം. നിയമസഭ ആ വിഷയം ചർച്ച ചെയ്തതിനുശേഷമാണ് വിദേശകാര്യ വകുപ്പുമന്ത്രിയുടെ വിഷയമുണ്ടായത്.

മി. സ്പീക്കർ: അങ്ങയുടെ നോട്ടീസിൽ വിദേശകാര്യ മന്ത്രി വെളിപ്പെടുത്തിയ പ്രോട്ടോകോൾ ലംഘനം അടക്കമുള്ള ക്രമക്കേടുകൾ എന്ന് പറയുന്നുണ്ട്.

ശ്രീ. വി. ഡി. സതീശൻ: സർ, വിദേശകാര്യ വകുപ്പുമന്ത്രിയുടെ വെളിപ്പെടുത്തലിനെത്തുടർന്നുണ്ടായിരിക്കുന്ന കാര്യമാണ്. സംസ്ഥാന

ഗവൺമെന്റിന്റെ അധികാരത്തിലുള്ള ഒരു കാര്യം ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് ഞാൻ നോട്ടീസ് നൽകിയിട്ടുള്ളത്. നേരത്തെ പറഞ്ഞ കാര്യം ആവർത്തിച്ചുവെന്നാണ് ശ്രീ. മാത്യു ടി. തോമസ് പറഞ്ഞത്. ഈ സഭയിൽ കൊണ്ടുവന്ന വിഷയം പുതിയതായുണ്ടായ ഒരു സംഭവമാണ്. വിദേശകാര്യ വകുപ്പുമന്ത്രിയുടെ വെളിപ്പെടുത്തലിനെത്തുടർന്ന് ഉത്ഭവിച്ച ഒരു കാര്യമാണ് ഞാൻ കൊടുത്തിരിക്കുന്നത്. അതുകൊണ്ടാണ് തിരുവല്ല അംഗം പറഞ്ഞകാര്യം നിലനിൽക്കുന്നതല്ലെന്ന് ഞാൻ സൂചിപ്പിച്ചത്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ യൂണിയൻ ലിസ്റ്റിൽപ്പെട്ട ഒരു കാര്യവും ഞാനിവിടെ സൂചിപ്പിക്കുന്നില്ല.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ബഹുമാന്യനായ പ്രതിപക്ഷനേതാവ് പറഞ്ഞതുകൊണ്ടും ഇത് സഭയുടെ ഭാവിക്ക് നല്ലൊരു കാര്യമാകുമെന്നുള്ളതുകൊണ്ടുമാണ് ഞാൻ സൂചിപ്പിക്കുന്നത്. ചട്ടം വളരെ വ്യക്തമാണ്. യാതൊരു തരത്തിലുള്ള ആശയക്കുഴപ്പത്തിനും ഇടയില്ല. ചട്ടം 304 (2)-ൽ പറയുന്നത്, " (1)-ാം ഉപചട്ടപ്രകാരം ഒരു നോട്ടീസ് സ്വീകാര്യമാകാവുന്നതിന് അത് താഴെപ്പറയുന്ന വ്യവസ്ഥകൾ പാലിച്ചിരിക്കേണ്ടതാണ്" എന്നാണ്.

നോട്ടീസ് സ്വീകാര്യമാകുന്നതിനാണ്. ചട്ടം വളരെ വ്യക്തമാണ്. ഒരുതരത്തിലുള്ള ആശയക്കുഴപ്പവും അതിനകത്തില്ല. ചട്ടം 304 (2) (i)-ൽ "കേരള സർക്കാരിന്റെ പ്രാഥമിക പരിശോധനയിൽപ്പെടാത്ത ഒരു സംഗതിയെ അത് പരാമർശിക്കാൻ പാടില്ലാത്തതും" എന്നാണ് പറയുന്നത്. അതും വളരെ വ്യക്തമാണ്. നോട്ടീസിൽ എന്താണ് പറയുന്നത്? യു.എ.ഇ. കോൺസുലേറ്റ് കേന്ദ്രീകരിച്ച് എന്നാണ്. കോൺസുലേറ്റ് എന്നുള്ളത് ഭരണഘടനയുടെ ഏഴാം ഷെഡ്യൂളിൽ ലിസ്റ്റ് ഒന്നിലെ എൻട്രി 11. അത് വളരെ കൃത്യമാണ്. കോൺസുലേറ്റുകൾ നയതന്ത്ര കാര്യാലയങ്ങൾ. അകത്തുള്ളതാകാം പുറത്തുള്ളതാകാം. അത് കേന്ദ്രാധിഷ്ഠിതമാണ്. പ്രോട്ടോക്കോൾ ലംഘനങ്ങളടക്കമുള്ള ക്രമക്കേടുകൾ - പ്രോട്ടോക്കോൾ ലംഘനം എന്നുള്ളത് വിദേശകാര്യവുമായി ബന്ധപ്പെട്ടതാണ്. എൻട്രി 10 വളരെ കൃത്യമാണ്. വിദേശകാര്യവുമായി ബന്ധപ്പെട്ട കാര്യങ്ങൾ കേന്ദ്രത്തിന്റെ അധികാരപരിധിയിൽപ്പെട്ടതാണ്. നോട്ടീസ് പ്രകടമായും പ്രത്യക്ഷത്തിലും ചട്ടത്തിന്റെ ലംഘനമാണ്. ഇത് അനുവദിക്കപ്പെട്ടാൽ അതൊരു കീഴ്വഴക്കമായി വ്യാഖ്യാനിക്കപ്പെടും. ഭാവിയിൽ ഇതൊരു അവകാശമായി മാറും. ഈ സഭയുടെ ഒരു പ്രത്യേകത, ചട്ടം

എന്താണെങ്കിലും ഉന്നയിക്കപ്പെടുന്ന വാദം എപ്പോഴും ഇത് കീഴ്വഴക്കമുണ്ടെന്നുള്ളതാണ്. കീഴ്വഴക്കം എപ്പോഴും ചട്ടത്തിന് താഴെ മാത്രമേ നിൽക്കുകയുള്ളൂ. പുതിയൊരു അനുമതി നൽകിയാൽ അത് നാളെ കീഴ്വഴക്കമായി വ്യാഖ്യാനിക്കപ്പെടും. ഈ നോട്ടീസ് പ്രകടമായി ചട്ടത്തിന് വിരുദ്ധമാണ്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ കാര്യങ്ങൾ ആവർത്തിച്ചിട്ട് ഇത് പറയാൻ പാടില്ലെന്ന് അദ്ദേഹം സ്വയം സമാധാനിക്കുകയാണ്. ഇവിടെ ഏത് ചോദ്യത്തിനും മറുപടി പറയാൻ മടിയൊന്നുമില്ല, എന്നാലും ഇത് ചൂണ്ടിക്കാണിക്കുകയാണെന്നാണ് അദ്ദേഹം ആദ്യം പറഞ്ഞത്. ഈ വിഷയത്തിൽ കോൺസുലേറ്റ് പിരിച്ചുവിടണമെന്നല്ല എന്റെ ഡിമാന്റ്. തിരുവനന്തപുരത്തെ ദുബായ് കോൺസുലേറ്റ് പിരിച്ചുവിടണം എന്നാവശ്യപ്പെട്ടാൽ അത് യൂണിയൻ ലിസ്റ്റിൽ വരും. The State Government is competent to recommend an investigation by the CBI, Government is competent to recommend a case, which has happened in Kerala, that occurance was in Kerala. So there are interstate ramifications in this case. So the Government can,

Government is competent to issue an order to investigate into the case. State Government is competent. My demand is only to confine to the powers of the State, not in the Union List. I am not saying anything included in the Union List. It is very clear.

മി. സ്പീക്കർ: ചർച്ച അനന്തമായി നീണ്ടുപോകണ്ട.

ശ്രീ. പി. രാജീവ്: സർ, പാർലമെന്റ് അല്ലാത്തതുകൊണ്ട് ഞാൻ മലയാളത്തിലാണ് പറയുന്നത്. ഇത് വളരെ വ്യക്തമാണ്. മലയാളത്തിലെ ചട്ടങ്ങളാണ് ഞാനിവിടെ ഉദ്ധരിച്ചത്. നോട്ടീസ് എഴുതിയതിലെ പിശകാണെങ്കിൽ അതാദ്യം സമ്മതിക്കുക. നോട്ടീസ് പ്രകടമായി ചട്ടത്തിന് വിരുദ്ധമാണ്. ചട്ടത്തിന് വിരുദ്ധമായ ഒരു നോട്ടീസിന് അനുമതി നൽകുന്നത് സഭയിൽ തെറ്റായ കീഴ്വഴക്കം സൃഷ്ടിക്കും. അത് ഒരു കാരണവശാലും അംഗീകരിക്കാൻ പാടില്ല.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, കൺകറന്റ് ലിസ്റ്റ്, സ്റ്റേറ്റ് ലിസ്റ്റ്, സെൻട്രൽ ലിസ്റ്റ് എന്നൊക്കെയുണ്ടെങ്കിലും അതിൽപ്പെട്ട ഏതെങ്കിലും ഒരു പദം പ്രയോഗിച്ചുവെന്നുള്ളതുകൊണ്ട് അതുമായി ബന്ധപ്പെട്ട വിഷയം ആയിക്കൊള്ളണമെന്നില്ല. ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്

സ്റ്റേറ്റ് ഗവൺമെന്റിന് ചെയ്യാൻ അധികാരപരിധിയുള്ള കാര്യത്തെക്കുറിച്ചാണ് ആവശ്യപ്പെടുന്നത്. അതുകൊണ്ട് ഈ ക്രമപ്രശ്നം നിലനിൽക്കുകയില്ലായെന്നാണ് എന്റെയും അഭിപ്രായം.

മി. സ്പീക്കർ: ഇവിടെ ക്രമപ്രശ്നത്തിന് നോട്ടീസ് നൽകിയ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി, ശ്രീ. മാത്യു ടി. തോമസ്, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ശ്രീ. വി.ഡി. സതീശൻ, ശ്രീ. എൻ. ഷംസുദ്ദീൻ, ഈ അംഗങ്ങളെയെല്ലാം കേൾക്കുകയുണ്ടായി. ഇതിൽ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ഉന്നയിച്ച പ്രശ്നം, നോട്ടീസിന്റെ തന്നെ അത് അംഗീകരിക്കാമോ എന്ന കാതലായിട്ടുള്ള പ്രശ്നമാണ് ഉന്നയിച്ചത്. അതിൽ 'കേരള സർക്കാരിന്റെ പ്രാഥമിക പരിഗണനയിൽപ്പെടാത്ത ഒരു സംഗതിയെ അത് പരാമർശിക്കാൻ പാടില്ലാത്തതും' എന്നാണ് നോട്ടീസ്. കോൺസുലേറ്റ് തുടങ്ങിയ കാര്യങ്ങൾ കേരള സർക്കാരിന്റെ പ്രാഥമിക പരിഗണനയിൽ വരാത്ത ഒരു സംഗതിയാണ്. നോട്ടീസിന് സാങ്കേതികമായൊരു പ്രശ്നമുണ്ടെന്നുള്ളത് പ്രധാനപ്പെട്ട കാര്യമാണ്. രണ്ടാമത്തേത്, ബഹുമാനപ്പെട്ട മാത്യു ടി. തോമസ് ഉന്നയിച്ച കാര്യം, നേരത്തെ അടിയന്തരപ്രമേയമായി ഇവിടെ ചർച്ച

ചെയ്യുതുമാണ്. ഈ രണ്ട് സംഗതികളുടെ അടിസ്ഥാനത്തിൽ പ്രസക്തമാണ് ക്രമപ്രശ്നം എന്നതുകൊണ്ട് ഇത് അനുവദിക്കുന്നില്ല. (........ബഹളം......)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, സർക്കാരിന് ഈ വിഷയം ചർച്ച ചെയ്യാൻ കഴിയില്ലെന്ന് ....... (.......... മൈക്ക് ഓഫ്.....) (........ബഹളം......)

മി. സ്പീക്കർ: അങ്ങേയ്ക്കും അറിയാവുന്ന കാര്യമാണ്. ഇരിക്കൂ........ ഇരിക്കൂ.......ഒരു മിനിറ്റ്..... ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവെ, ചെയറാണ് ഇതുസംബന്ധിച്ച് പറയേണ്ടത്. എല്ലാവരും ഇരിക്കൂ.... ചെയറിനെ സംബന്ധിച്ച് ചട്ടത്തിൽ പ്രകടമായിട്ടുള്ള ഒരു ലംഘനം ചൂണ്ടിക്കാണിച്ചാൽ അത് കണക്കിലെടുക്കാതിരിക്കാനാകില്ല. നമുക്ക് ഇഷ്ടമുള്ള ഒരു കാര്യം ചെയറിൽ നിന്നുവന്നാൽ ഡെസ്കിലടിക്കാം. ഇഷ്ടമില്ലാത്ത കാര്യം വന്നാൽ അത് സർക്കാരിനെ സഹായിക്കലാണ് എന്ന് വ്യാഖ്യാനിക്കാം. അത് നേരത്തെ തന്നെ കഴിഞ്ഞ റൂളിംഗിൽ പറഞ്ഞു. ചെയറിൽ ഇരിക്കുന്ന ആളുകൾ പലപ്പോഴും അത് കേൾക്കേണ്ടിവരുന്നവരാണ്. അതിനെ ആ നിലയിലേ എടുക്കുന്നുള്ളൂ. പക്ഷെ, പ്രധാനപ്പെട്ട പ്രശ്നം, കഴിഞ്ഞ ദിവസമാണല്ലോ ഈ സഭയിൽ തന്നെ

സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായ ഒരു അനുചിതമായ നടപടിയെ ചൂണ്ടിക്കാണിച്ചതും ബഹുമാനപ്പെട്ട മന്ത്രി തന്നെ അത് അംഗീകരിച്ചതും. അത് സ്വാഭാവികമായും വരും. എല്ലാ സമയത്തും നമുക്കെല്ലാവർക്കും ഇഷ്ടപ്പെടുന്ന നിലയിൽ നിലപാടുകളിൽ തീരുമാനമെടുക്കാൻ കഴിയില്ല. പക്ഷേ, ഇവിടെ ബഹുമാനപ്പെട്ട മന്ത്രി ചൂണ്ടിക്കാണിച്ച പ്രശ്നം ചട്ടം ഉദ്ധരിച്ചുകൊണ്ടാണ്. ചട്ടം ഞാൻ ഒരിക്കൽക്കൂടി വായിക്കാം. 'കേരള സർക്കാരിന്റെ പ്രാഥമിക പരിഗണനയിൽപ്പെടാത്ത ഒരു സംഗതിയെ പരാമർശിക്കാൻ പാടില്ലാത്ത ഒന്നാണ്. ഒരിക്കൽ ഇത് അനുവദിച്ചാൽ പിന്നീട് അതൊരു കീഴ്‌വഴക്കമാണ് എന്ന പ്രശ്നം വരും. നമ്മൾ ഇവിടെ അടിയന്തരപ്രമേയത്തിൽ വിശദമായി ചർച്ച ചെയ്ത ഒരു വിഷയം കൂടിയാണ്. അതുകൊണ്ട് അങ്ങേയ്ക്ക് ഇത് നന്നായറിയാം. അതിനപ്പുറമുള്ള കാരണങ്ങളിലേയ്ക്ക് പോകുന്നത് ചെയറിന്റെ ഉത്തരവാദിത്വമല്ല, ചെയറിന്റെ പരിധിയിൽ വരുന്ന കാര്യമല്ല. ശ്രീ. കെ. ആൻസലന് സബ്മിഷൻ അവതരിപ്പിക്കാവുന്നതാണ്.

<u>ശ്രീ. കെ. ആൻസലൻ:</u> സർ, ഞാൻ ഈ സബ്മിഷൻ വഴി ഉന്നയിക്കുന്നൊരു പ്രധാനപ്പെട്ട വിഷയം...

മി. സ്പീക്കർ: ഒരു മിനിട്ട്. പ്രതിപക്ഷനേതാവിന് എപ്പോഴും മൈക്ക് കൊടുക്കാറുണ്ട്.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ അങ്ങയുടെ റൂളിംഗിനെ ചോദ്യം ചെയ്യില്ല, ഇതുവരെ ചോദ്യം ചെയ്തിട്ടില്ല, ഇനി ചോദ്യം ചെയ്യുകയുമില്ല. പക്ഷെ, ഇവിടെ നടന്നതൊരു നാടകമാണ്. ഈ വിഷയം ചർച്ച ചെയ്യാതിരിക്കാൻവേണ്ടി ഗൗരവതരമായ ഒരു വിഷയം, ഈ സംസ്ഥാനത്ത് നടന്ന ഒരു വിഷയം ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞദിവസം ഇവിടെ ചോദിച്ചു, ആരാണ് സ്വർണ്ണം കൊണ്ടുവന്നത്; ആരാണ് ഇത് കടത്തിയത്, ആർക്കാണ് ...... ആ ചോദ്യം... (........ബഹളം......)

മി. സ്പീക്കർ: അത് നമ്മൾ ചർച്ച ചെയ്ത കാര്യങ്ങളാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, ആ ചോദ്യത്തിന് മറുപടി പറയാൻ കിട്ടിയിരിക്കുന്ന അവസരംപോലും പ്രയോഗിക്കാതെ ഗൗരവതരമായി ....... (ബഹളം)......Let me complete......(ബഹളം).......

മി. സ്പീക്കർ: പ്രതിപക്ഷനേതാവ് ആവശ്യപ്പെടുമ്പോൾ മൈക്ക് തരാറുണ്ട്. അങ്ങ് ചെയറുമായി സഹകരിക്കണം.

ശ്രീ. വി. ഡി. സതീശൻ: സർ, ബഹളമുണ്ടാക്കുകയാണല്ലോ. അപ്പോൾ

ഞാൻ എങ്ങനെയാണ് സംസാരിക്കുക?

മി. സ്പീക്കർ: അങ്ങനെയാണെങ്കിൽ സബ്മിഷൻ അവതരിപ്പിക്കാമല്ലോ. (........ബഹളം......)

ശ്രീ. വി. ഡി. സതീശൻ: സർ, അവർ ഇരിക്കട്ടെ..... ഞാൻ എങ്ങനെയാണ് സംസാരിക്കുന്നത്?

മി. സ്പീക്കർ: എല്ലാവരും ഇരിക്കൂ..... അടുത്ത അംഗത്തിന്റെ പേര് വിളിച്ചശേഷമാണ് അങ്ങേയ്ക്ക് വീണ്ടും അവസരം തന്നത്. ........ (ബഹളം)...... സബ്മിഷൻ ഉന്നയിക്കാൻ റൂളിംഗ് നൽകിക്കഴിഞ്ഞതാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, ഈ ഗവൺമെന്റ് ഈ വിഷയം ചർച്ച ചെയ്യാതിരിക്കാൻ...., മുഖ്യമന്ത്രി ഇതിനെ ഭയപ്പെടുന്നതുകൊണ്ട്, ഈ വിഷയം ചർച്ച ചെയ്യാതിരിക്കാൻ, ബഹുമാന്യനായ സ്പീക്കർ ഇവിടെ ലിസ്റ്റ് ചെയ്ത സബ്മിഷൻ റിമൂവ് ചെയ്യുകയാണ്. ബഹുമാനപ്പെട്ട സ്പീക്കർ അംഗീകരിച്ച് ഇവിടെ ലിസ്റ്റ് ചെയ്ത സബ്മിഷനിൽനിന്നും മന:പൂർവ്വമായി ഗവൺമെന്റ് ഒളിച്ചോടുകയാണ്. ഇവിടെ ചർച്ച ചെയ്യാൻ കഴിഞ്ഞില്ലെങ്കിൽ ഞങ്ങൾ സഭയ്ക്ക് പുറത്ത് ചർച്ച ചെയ്യും. .............(ബഹളം)..............

('നയതന്ത്ര ബാഗേജിലൂടെയുള്ള സ്വർണ്ണക്കടത്തിൽ സി.ബി.ഐ.

അന്വേഷണം' എന്ന സബ്മിഷന് അവതരണാനുമതി നൽകാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവ് പ്രസ്താവന നടത്തുകയും പ്രതിപക്ഷമൊന്നടങ്കം മുദ്രാവാക്യം വിളിച്ച് സഭ വിട്ട് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)